125/DA1

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 – പേരാമ്പ്ര നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.1283/2017/തസ്വഭവ തിരുവനന്തപുരം, തീയതി. 22.04.2017.**

---

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) ശ്രീ.ടി.പി.രാമകൃഷ്ണൻ എം.എൽ.എയുടെ (ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) കത്ത്

(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ DB4-4175/17/CE നംബർ, 27/3/2017 ലെ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി, ശ്രീ.ടി.പി.രാമകൃഷ്ണൻ എം.എൽ.എയുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "നൊച്ചാട് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം "എന്ന പ്രവൃത്തിയ്ക്കായി അടങ്കൽ തുകയായ 2 കോടി രൂപയ്ക്ക് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

2.. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പേരാമ്പ്ര നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി, ശ്രീ.ടി.പി.രാമകൃഷ്ണൻ എം.എൽ.എയുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "നൊച്ചാട് ഗ്രാമപഞ്ചായത്ത്. ഓഫീസ് കെട്ടിടനിർമ്മാണം "(Project. ID.1934 )എന്ന പ്രവൃത്തിയ്ക്കായി അടങ്കൽ തുകയായ 2 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരാവാകുന്നു. പരാമർശം (1)ലെ സർക്കാർ ഉത്തരവും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും പ്രസ്തുത പ്രോജക്റ്റിനായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതിനാൽ ടി വകുപ്പിൽ നിന്നുമുള്ള അനുമതിക്കു വിധേയമായും LS ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവുകൾ യഥാർത്ഥചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്കു വിധേയമായും ആകണം എന്ന നിബന്ധനയോടെയും ഭരണാനുമതി നൽകുന്നു.

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് '' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

ശ്രീ.ടി.പി.രാമകൃഷ്ണൻ എം.എൽ.എ,ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ,തിരുവനന്തപുരം
സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത് , കോഴിക്കോട്
ഫിനാൻസ് വകുപ്പ് (ഐ.ഡി.757/എൻ.സി.സി.2/2016/ധന 19.04.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ**

പകർപ്പ്: ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്